
കവർസ്റ്റോറി

എൻ.എം ഹുസൈൻ

# അഫ്ഗാൻ കൂട്ടക്കൊലകൾ ഒബാമക്ക് സ്വന്തം

**അമേരിക്കൻ** പ്രസിഡന്റ് ബറാക് ഒബാമ വ്യക്തിപരമായി ജോർജ് ബുഷിൽനിന്നും വ്യത്യസ്തനാണെന്നതിൽ ആർക്കും ഭിന്നാഭിപ്രായമില്ല. എന്നാൽ അമേരിക്കൻ രാഷ്ട്രീയ വ്യവസ്ഥയിൽ അദ്ദേഹം വ്യത്യസ്തമായൊരു പാതവെട്ടിത്തുറക്കുമോ എന്നാണ് വളരെപേർ ഉറ്റുനോക്കിയത്. ഐക്യനാടുകളുടെ യഥാർഥ ചരിത്രം അറിയുന്നവർ പ്രവചിച്ചപോലെ ഇക്കാലത്തിനിടെ രാഷ്ട്രീയ അത്ഭുതങ്ങളൊന്നും ഉണ്ടായിട്ടില്ല. രണ്ട് യുദ്ധങ്ങൾ തുടങ്ങിയ മുൻ പ്രസിഡന്റിൽനിന്നും വ്യത്യസ്തനായി പുതിയ യുദ്ധങ്ങൾക്ക് ഒബാമ മുതിർന്നിട്ടില്ലെന്നത് എടുത്തുപറയാവുന്ന പ്രത്യേകതയായി തോന്നിയേക്കാം. എന്നാൽ ഇതിനെ നയപരമായ പുരോഗതിയായി കണക്കാക്കുന്നത് നിരീക്ഷണത്തകരാറാണ്. യുദ്ധവെറിയനായ ബുഷിനുപോലും രണ്ട് യുദ്ധങ്ങൾ ആരംഭിക്കാനല്ലാതെ അവസാനിപ്പിക്കാൻ സാധിച്ചില്ല എന്ന കാര്യം മറക്കരുത്. "യുദ്ധം എന്ന് തുടങ്ങണമെന്ന് തീരുമാനിച്ചത് നിങ്ങളായിരിക്കാം. എന്നാൽ അവസാനിക്കുന്നത് എന്നാണെന്ന് ഞങ്ങൾ തീരുമാനിക്കും" എന്ന് താലിബാൻ പോരാളികൾ പറയാറുണ്ടെന്ന് പ്രതിരോധ വിശകലനങ്ങളിൽ കാണാം. വാച്ച് നിങ്ങ



ളുടെ കൈയിലായിരിക്കാം, എന്നാൽ സമയം ഞങ്ങളുടെ കൈയിലാണെന്നത് താലിബാൻ പോരാളികളുടെ പതിവു തമാശകളിലൊന്നാണത്രെ.

അഫ്ഗാൻ, ഇറാഖ് യുദ്ധങ്ങൾ ആസൂത്രണം ചെയ്തപ്പോൾ ഇത്രകാലം അവ നീളുമെന്ന് പെന്റഗണിലെ സാമാന്യ ബുദ്ധിയില്ലാത്ത രാക്ഷസബുദ്ധികൾക്ക് സ്വപ്നത്തിൽ പോലും കണക്ക് കൂട്ടാനായില്ല. യുദ്ധ പദ്ധതികൾ ആവിഷ്കരിച്ചവർ ഒരു വർഷത്തിനകം തീർക്കാവുന്ന കാര്യപരിപാടികളാണ് മനസ്സിൽ കണ്ടത്. ഒരുവർഷം കഴിഞ്ഞപ്പോഴാണ് ഇറാഖിലോ അഫ്ഗാനിലോ വിജയിക്കാനാവില്ല എന്നവർക്ക് മനസ്സിലായത്. ഓരോ മാസത്തിനു ശേഷവും അത് കൂടുതൽ ബോധ്യമായിവന്നു. എങ്കിലും ഇനിയെന്ത് എന്ന ഗൗരവമായ ചോദ്യത്തിന് തൃപ്തികരമായ മറുപടി മുന്നോട്ട് വെക്കാൻ ഇതുവരെയും യുദ്ധവിദഗ്ധർക്കായിട്ടില്ല. *ന്യൂസ്‌വീക്ക്* മാഗസിനിൽ ഒരു വായനക്കാരൻ കത്തെഴുതിയപോലെ അമേരിക്കക്ക് 'ജയിക്കാനോ തോൽക്കാനോ സാധ്യമല്ലാത്ത' യുദ്ധങ്ങളായി ഇവ മാറി.

അഫ്ഗാൻ, ഇറാഖ് യുദ്ധങ്ങൾക്ക് ശേഷം ഏതാനും യുദ്ധങ്ങൾ കൂടി ആരംഭിക്കണമെന്ന് മുൻ പ്രസിഡന്റ് ബുഷ് ആഗ്രഹിച്ചിരുന്നു. അതിനുള്ള നീക്കങ്ങളും ആരംഭിക്കുകയുണ്ടായി. ഇറാനും സിറിയയും ലിസ്റ്റിലെ ആദ്യ ഇരകളായിരുന്നു. എന്നാൽ രണ്ട് യുദ്ധങ്ങൾ ഉണ്ടാക്കിയ ആഘാതവും ആഗോള രാഷ്ട്രീയ-സാമ്പത്തിക സ്ഥിതികൾ പ്രതികൂലമായതും അവയെല്ലാം അസാധ്യമാക്കി. 2004 മുതൽ തന്നെ അമേരിക്കയുടെ സ്ഥിതിയതാണ്. ഈ പ്രതിസന്ധികൾ എങ്ങനെ നേരിടണമെന്നറിയാതെ വട്ടംകറങ്ങുകയായിരുന്നു പെന്റഗൺ ആസൂത്രകർ. 2004-ൽ തന്നെ ഇതായിരുന്നു അവസ്ഥയെന്നതുകൊണ്ടാണ് വീണ്ടും നാലു വർഷം കൂടി അധികാരം നൽകിയിട്ടും ജോർജ്ബുഷ് പുതിയ പടനീക്കങ്ങളൊന്നും നടത്താതിരുന്നത്. എങ്കിൽ 2009-ൽ അധികാരമേറ്റ ഒബാമ പുതിയ യുദ്ധങ്ങൾ തുടങ്ങിയില്ലെന്നത് ആശ്ചര്യമേതുമില്ലാത്ത കാര്യം മാത്രം.

അധികാരം ഏറ്റെടുത്ത് ഏതാനും മാസങ്ങൾക്കകം ഒബാമ ഒരുകാര്യം തെളിയിച്ചു. അഫ്ഗാനിലെ സാധാരണക്കാരെ കൂട്ടക്കൊല നടത്തുന്നതിൽ യുദ്ധവെറിയുടെ പാരമ്പര്യമുള്ള ജോർജ് ബുഷിനെക്കാളും മുമ്പിലാണ് താനെന്ന്. ഇറാഖിൽനിന്നും മുപ്പതിനായിരത്തോളം പട്ടാളക്കാരെ പിൻവലിച്ച് അഫ്ഗാനിൽ വിന്യസിക്കും മുമ്പു തന്നെ സിവിലിയൻ കൂട്ടക്കൊലകൾ വർധിച്ചു തുടങ്ങി. ബുഷിന്റെ കാലത്ത് പാകിസ്താനകത്ത് നേരിട്ട് ആക്രമണങ്ങൾ നടത്തിയിരുന്നില്ല. എന്നാൽ ഒബാമ അധികാരമേറ്റശേഷം പാകിസ്താനകത്ത് ആവർത്തിച്ച് നിരവധി ബോംബാക്രമണങ്ങൾ നടത്തുകയുണ്ടായി. പാക് ഗവൺമെന്റിന്റെ അനുമതിയില്ലാതെയും സൈനികമേധാവികളുടെ പ്രതിഷേധങ്ങൾ അവഗണിച്ചുമായിരുന്നു ഈ ബോംബിംഗുകൾ. ഭീകരതാ വിരുദ്ധ യുദ്ധത്തിലെ മുഖ്യ പങ്കാളിയെന്ന നിലക്ക് ജോർജ് ബുഷ് പാകിസ്താന്റെ പരമാധികാരം ഭൂമിശാസ്ത്രപരമായെങ്കിലും മാനിച്ചിരുന്നു. എന്നാൽ ഒബാമയാകട്ടെ ഈ മാന്യതപോലും കാണിച്ചില്ല. അങ്ങനെ ബുഷിൽനിന്ന് തികച്ചും വ്യത്യസ്തനാണ് താനെന്ന് വിധിവൈപരീത്യം പോലെ ഒബാമ തെളിയിച്ചു.

അമേരിക്ക ഭരിക്കുന്നത് തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളാണെന്നത് ഒരു ആധുനിക രാഷ്ട്രീയ അന്ധവിശ്വാസം മാത്രമാണ്. ബഹുരാഷ്ട്രക്കമ്പനികളുടെ താൽപര്യങ്ങളാണ് അമേരിക്കൻ നേതാക്കളെ നയിക്കുന്നതെന്നതാണ് യാഥാർഥ്യം. സൈന്യം എന്നാൽ സർക്കാർ സൈന്യമാണെന്നതും തെറ്റിദ്ധാരണയാണ്. ഇറാഖിലും അഫ്ഗാനിലും അമേരിക്കക്കു വേണ്ടി യുദ്ധം ചെയ്യുന്നതിൽ വലിയൊരു പങ്ക് സ്വകാര്യ കൂലിപ്പട്ടാളക്കാരാണ് (mercenaries). ബ്ലാക്ക് വാട്ടർ പോലുള്ള സ്വകാര്യ സെക്യൂ




**പ്രതിസന്ധികൾ എങ്ങനെ നേരിടണമെന്നറിയാതെ വട്ടംകറങ്ങുകയായിരുന്നു പെന്റഗൺ ആസൂത്രകർ. 2004–ൽ തന്നെ ഇതായിരുന്നു അവസ്ഥയെന്നതുകൊണ്ടാണ് വീണ്ടും നാലു വർഷം കൂടി അധികാരം നൽകിയിട്ടും ജോർജ്ബുഷ് പുതിയ പടനീക്കങ്ങളൊന്നും നടത്താതിരുന്നത്. എങ്കിൽ 2009–ൽ അധികാരമേറ്റ ഒബാമ പുതിയ യുദ്ധങ്ങൾ തുടങ്ങിയില്ലെന്നത് ആശ്ചര്യമേതുമില്ലാത്ത കാര്യം മാത്രം.**

രിറ്റി കമ്പനികളുടെ ജീവനക്കാരെ വാടകക്കെടുത്താണ് രണ്ട് രാജ്യങ്ങളിലെയും യുദ്ധങ്ങൾ മുന്നോട്ടുകൊണ്ടുപോവുന്നത്. മുൻപ്രസിഡന്റ് ബുഷും ഇത്തരം കൂലിക്കാരെ ഉപയോഗിച്ചിരുന്നു. എന്നാൽ ഒബാമ അധികാരമേറ്റ് ഏതാനും മാസങ്ങൾക്കകം കൂലിപ്പട്ടാളക്കാരുടെ എണ്ണം വൻതോതിൽ വർധിപ്പിച്ചു.

അമേരിക്കയിലെ ഏറ്റവും വലിയ സ്വകാര്യ സെക്യൂരിറ്റി കമ്പനിയാണ് ബ്ലാക്ക് വാട്ടർ. പച്ച മലയാളത്തിൽ ഏറ്റവും വലിയ ഗുണ്ടാസ്ഥാപനം. സ്വന്തം ശമ്പളത്തിൽ മാത്രമാണ് ഇത്തരം കൂലിക്കാരുടെ കണ്ണ്. സ്വന്തം രാജ്യത്തിനു വേണ്ടി ജീവൻ ബലി നൽകുക എന്ന പരമ്പരാഗത പട്ടാളതത്ത്വങ്ങളൊന്നും ഇവർ കേട്ടിട്ടു പോലുമുണ്ടാവില്ല. അതിനാൽ ധീരത, ത്യാഗം എന്നിത്യാദി മൂല്യങ്ങളൊന്നും ഇവർക്ക് പരിചയമില്ല. യന്ത്രത്തോക്കുകളുമായി കവചിതവാഹനങ്ങളിൽ റോന്തുചുറ്റുകയും നയതന്ത്ര

ജ്ഞർക്കും നേതാക്കൾക്കും കാവൽ നിൽക്കുകയുമാണ് പ്രധാനപണി. അതിനിടെ സംശയം തോന്നുന്നവരെയെല്ലാം അവർ തോക്കിനിരയാക്കും. കൂലിപ്പട്ടാളക്കാരനെ സംബന്ധിച്ചേടത്തോളം കൂടുതൽ പരിഗണന മറ്റുള്ളവരെക്കാൾ സ്വന്തംജീവനു തന്നെയാണ്. അതിനാൽ ഇലയനങ്ങുന്നത് കണ്ടാൽപോലും അവൻ തുരുതുരാ വെടിയുതിർക്കും. ഇറാഖിൽ ബ്ലാക്ക് വാട്ടർ കൂലിപ്പട്ടാളക്കാർ ഇത്തരം സമീപനം പുലർത്തിയത് ഗവൺമെന്റിനു തന്നെ വിനയായി. തുടർച്ചയായ പേക്കൂത്തുകൾക്ക് സമാപനമായി 2007 സെപ്റ്റംബർ 16-ന് ബഗ്ദാദിലെ നിസൗർ സ്ക്വയറിൽ 17 സാധാരണക്കാരെ അവർ കൂട്ടക്കൊല ചെയ്തു. ഒടുവിൽ നിവൃത്തിയില്ലാതെ ഇറാഖിലെ പാവസർക്കാർ തന്നെ ബ്ലാക്ക് വാട്ടർ കമ്പനിയെ നിരോധിച്ചു. സർക്കാർ അവരുമായി ഉണ്ടാക്കിയ എല്ലാ കരാറുകളും റദ്ദാക്കി. അമേരിക്കൻ നേതാക്കൾക്ക് സാമാന്യമര്യാദയെങ്കിലും ഉണ്ടായിരുന്നെങ്കിൽ ഈ അതൃപ്തി അവർ മാനിക്കേണ്ടതായിരുന്നു. എന്നാൽ സംഭവിച്ചത് മറിച്ചാണ്. ബ്ലാക്ക് വാട്ടർ കൂലിപ്പട്ടാളക്കാർ മറ്റൊരു പേരിൽ ഇറാഖിൽ വിളയാട്ടം  തുടർന്നു. പ്രതിഛായ മോശമായപ്പോൾ പേര് മാറ്റി എക്സി സർവീസസ് എന്നാക്കി. ഇറാഖി സർക്കാർ കരാറുകൾ റദ്ദാക്കിയെങ്കിലും അമേരിക്കൻ സർക്കാർ ബ്ലാക്ക് വാട്ടറുമായുള്ള കരാറുകൾ തുടർന്നു എന്നു മാത്രമല്ല, പുതിയ കരാറുകൾ ഉണ്ടാക്കുകയും ചെയ്തു. യജമാനന് അടിമയോട് തോന്നാവുന്ന സഹാനുഭൂതി പോലും ഇറാഖിലെ പാവഗൺമെന്റിനോട് അമേരിക്കൻ നേതാക്കൾ കാണിച്ചില്ലെന്നർഥം. ഇതെപ്പറ്റി ചോദ്യങ്ങൾ ഉയർന്നപ്പോൾ പെന്റഗൺ വക്താവ് നൽകിയ വിശദീകരണം ഇതായിരുന്നു: “ഞങ്ങളുടെ നയതന്ത്രപ്രതിനിധികളെയും സ്ഥാപനങ്ങളെയും സംരക്ഷിക്കാനാണ് അവരെ വിന്യസിച്ചിട്ടുള്ളത്. ഇത് പ്രതിരോധാവശ്യങ്ങൾക്ക് മാത്രമാണ്.”

ഈ വിശദീകരണത്തിലെ തമാശയെന്താണെന്നോ? മുമ്പും ബ്ലാക്ക് വാട്ടറുകാരെ ഇതേ ആവശ്യങ്ങൾക്കാണ് വിന്യസിച്ചിരുന്നത്. എന്നിട്ടും അവർ അന്യായമായ കൂട്ടക്കൊലകളിലും ആക്രമണങ്ങളിലും വ്യാപൃതരായി. അല്ലെങ്കിൽ തന്നെ അമേരിക്കൻ നേതാക്കൾ രായ്ക്കുരാമാനം ഉരുവിടുന്ന ‘പ്രതിരോധം’ (defence) എന്നവാക്ക് പരിശോധിക്കുക. അമേരിക്കയുടെ യുദ്ധകാര്യവകുപ്പ് (war department) പിന്നീട് പേര് മാറ്റി പ്രതിരോധവകുപ്പ് (defence department) ആക്കുകയായിരുന്നു. അതിനുശേഷമാണ് മറ്റു രാജ്യങ്ങളെ അമേരിക്ക ഏറ്റവും കൂടുതലായി കടന്നാക്രമിച്ചത്. അമേരിക്കൻ നേതാക്കളുടെ ഓരോ വാക്കും പ്രവൃത്തിയും രാഷ്ട്രീയ കാപട്യത്തിന്റെ നിതാന്ത മാതൃകകളാണ് എന്ന് ഈ പേരുമാറ്റം തന്നെ സൂചിപ്പിക്കുന്നു. ബ്ലാക്ക് വാട്ടറുമായുള്ള കരാറുകളെല്ലാം ഇറാഖീ ഗവൺമെന്റ് റദ്ദാക്കിയപ്പോൾ ഇതേ കൂലിപ്പട്ടാളക്കാരെ ‘യു.എസ് ട്രെയ്നിംഗ് സെന്റർ’ എന്ന മറ്റൊരു പേരിൽ ഇറാഖിനകത്ത് പുനർവിന്യസിക്കുകയാണ് അമേരിക്ക ചെയ്തത്. ഇറാഖിനകത്ത് ജനാധിപത്യവും സ്വാതന്ത്ര്യവും നടപ്പാക്കാൻ സാമ്രാജ്യത്വശക്തികൾക്ക് കുടപിടിക്കുന്ന മാലിക്കി ഗവൺമെന്റിന് അനുഭവിക്കേണ്ടിവരുന്ന അപമാനം അർഥവത്താണ്.

ബ്ലാക്ക് വാട്ടർ പോലുള്ള സ്വകാര്യ കൂലിപ്പട്ടാളക്കാരെയാണ് ഒരു പരിധിയോളം അഫ്ഗാനിലും വിന്യസിച്ചിട്ടുള്ളത്. ഒബാമ അധികാരമേറ്റ ശേഷം ഈ കൂലിപ്പട്ടാളക്കാരുടെ എണ്ണം 29 ശതമാനം വർധിപ്പിച്ചു (പെന്റഗൺ കണക്കുകളെ ആസ്പദമാക്കി മൈക്കൽ വിൻഷിപ്പ് വ്യക്തമാക്കിയ കണക്കാണിത് - Online Journal, 8 June 2009). ഇതിനു പുറമെ ഇറാഖിൽനിന്നും പിൻവലിക്കുന്ന 21000 സൈനികരെകൂടി അഫ്ഗാനിൽ എത്തിക്കാനുള്ള അനുമതി പ്രസിഡന്റ് നൽകിയിട്ടുണ്ട്. എന്നാൽ അമേരിക്കൻ കോൺഗ്രസ് ഇതിന് അംഗീകാരം നൽകാൻ സാധ്യതയില്ലെന്നാണ് ഒബാമ

യുടെ തന്നെ പാർട്ടിക്കാരിയും സ്പീക്കറുമായ നാൻസി പെലോസി പ്രസ്താവിച്ചത്. ജനപ്രതിനിധികളോ മറ്റുള്ളവരോ പ്രസിഡന്റിന്റെ ഈ നീക്കം അംഗീകരിക്കില്ലെന്നാണ് അവർ കരുതുന്നത് (Los Angeles Times, 11 Sept. 2009). ചുരുക്കത്തിൽ അമേരിക്കൻ ജനപ്രതിനിധികൾക്കിടയിൽ പോലും വിയോജിപ്പുള്ള തന്ത്രങ്ങളുമായി അഫ്ഗാൻ യുദ്ധം തുടരാനാണ് ഒബാമയുടെ തീരുമാനം!

കൂടുതൽ പട്ടാളക്കാരെ വിട്ട് അഫ്ഗാനികളെ അടിച്ചമർത്താമെന്ന വ്യാമോഹം 'തന്ത്രപരമായ ചിന്ത' (strategic thinking)യുടെ ഫലമാണ്. അമേരിക്ക ഇതുവരെയും ചെയ്ത സകല മടയത്തരങ്ങളും തന്ത്രപരമായ ചിന്തയുടെ ഫലമായിരുന്നു എന്നത് കണക്കിലെടുക്കുമ്പോൾ ഇതിലും ആശ്ചര്യത്തിനവകാശമില്ല. മുൻ പ്രസിഡന്റ് ബുഷിന്റെ കാലത്ത് അഫ്ഗാനിലെ നാറ്റോ കമാന്റർ ഡേവിഡ് മക്കിർനർ ആയിരുന്നു. ഒബാമ പുതിയൊരു കമാന്ററെ നിയമിച്ചിരിക്കയാണ് – സ്റ്റാൻലി മക്ക്രിസ്റ്റലിനെ. ഈ മാറ്റത്തിന് ന്യായീകരണവുമുണ്ട്. മക്കിർനൻ ശ്രദ്ധിച്ചത് ഭീകരതാവിരുദ്ധത (counter terrorism)യിലായിരുന്നുവെന്നും യഥാർഥത്തിൽ വേണ്ടത് സായുധ ഉയിർത്തെഴുന്നേൽപി (counter insurgency)ന്നെതിരായ നീക്കമാണെന്നും കഴിഞ്ഞ മാസങ്ങളിൽ പുതിയ ബുദ്ധിയുദിച്ച ഏതോ പെന്റഗൺ വിദഗ്ധൻ ഉപദേശിച്ചുവത്രെ (താലിബാൻകാർക്ക് ബുദ്ധി കുറവായതിനാൽ അനേകം തന്ത്രങ്ങൾ ഉണ്ടാക്കാനുള്ള കഴിവില്ല, ശത്രുവിനെ തുരത്തുക എന്ന തന്ത്രമേ അവർക്കറിയൂ!). പുതിയ കമാന്റർ മക്ക്രിസ്റ്റൽ തന്നെ രണ്ട് തന്ത്രങ്ങളും തമ്മിലുള്ള വ്യത്യാസം ജനപ്രതിനിധി കമ്മിറ്റിക്കു മുമ്പാകെ വ്യക്തമാക്കി. "എത്ര ശത്രുക്കളെ കൊല്ലുന്നുവെന്നതിനേക്കാൾ എത്ര സാധാരണ അഫ്ഗാൻകാരെ ആക്രമണത്തിൽനിന്ന് രക്ഷപ്പെടുത്താം" എന്നതാണത്രെ വ്യത്യാസം (Voice of America News, 2 June 2009). അഫ്ഗാൻ യുദ്ധം വർഷങ്ങളായി നിരീക്ഷിക്കുന്നവർ നാറ്റോ കമാന്ററുടെ ഈ വാക്കുകൾ കേട്ടാൽ ഊറിച്ചിരിക്കാനാണ് സാധ്യത. സ്വന്തം പട്ടാളക്കാരെ താലിബാൻ ആക്രമണങ്ങളിൽനിന്നും രക്ഷപ്പെടുത്താൻ ഇതുവരെയും ഒരു തന്ത്രവും കണ്ടെത്താനാവാത്ത അമേരിക്കൻ യുദ്ധവിദഗ്ധർ അഫ്ഗാൻകാരെ ആക്രമണത്തിൽനിന്നും രക്ഷിക്കാൻ വിദ്യകൾ തേടുന്നത് രസാവഹമായിട്ടുണ്ട്. പ്രശ്നം വളരെ ലളിതമാണ്. താലിബാൻകാരെ കൊല്ലാൻ അമേരിക്കൻ യുദ്ധവിമാനങ്ങൾ ബോംബുകളും മിസൈലുകളും വർഷിക്കുന്നു. പക്ഷേ കൊല്ലപ്പെടുന്നത് മിക്കവാറും സാധാരണക്കാരാണ്. ഇതുവഴി അഫ്ഗാനിലെ സാധാരണ ജനങ്ങൾ അധിനിവേശ സൈനികർക്കെതിരാവുന്നു. നഷ്ടപ്പെട്ട ഈ വിശ്വാസ്യത വീണ്ടെടുക്കാൻ ഈ സമീപനം അനിവാര്യമാണെന്നാണ് ജനറൽ മക്ക്രിസ്റ്റൽ വാദിച്ചത്. യഥാർഥത്തിൽ ഇതൊന്നും പുതിയ സമീപനമല്ല. യുദ്ധം തുടങ്ങിയ നാൾ മുതൽ അഫ്ഗാനിൽ പ്രയോഗിക്കുന്നതും പരാജയപ്പെട്ടതുമാണ്. അമേരിക്കൻ ജനപ്രതിനിധികളുടെയും യുദ്ധവിദഗ്ധരുടെയും ചർച്ചകൾ വായിച്ചാൽ ഇവരെപ്പോലുള്ള മൂഢൻമാർ മറ്റെവിടെയെങ്കിലുമുണ്ടോ എന്ന് തോന്നിപ്പോകും. അഫ്ഗാൻകാരുടെ പിന്തുണ ലഭിക്കാൻ ഇത്തരമൊരു തന്ത്രം ആവശ്യമാണെന്നാണ് മക്ക്രിസ്റ്റൽ വാദിക്കുന്നത്. സാധാരണക്കാരെ ബോംബിട്ട് കൊല്ലുന്ന കാടൻ യുദ്ധരീതി അമേരിക്ക ഉപേക്ഷിച്ചാൽ പോലും അധിനിവേശ സൈനികരെ സ്വീകരിക്കാൻ അഫ്ഗാൻ ജനത തയാറാവില്ലെന്നുറപ്പാണ്. കഴിഞ്ഞ മൂന്നൂറ് വർഷങ്ങൾക്കിടയിൽ ലോകമെമ്പാടും വെട്ടിപ്പിടിച്ച ബ്രിട്ടീഷ് അധിനിവേശ സൈനികരെപ്പോലും തുരത്തിയോടിച്ച ചരിത്രമാണ് അഫ്ഗാൻകാർക്കുള്ളത്. അഫ്ഗാനിൽ ഏതുതരം മിസൈലുകൾ വർഷിക്കണമെന്നും ഏതുതരം യന്ത്രത്തോക്കുപയോഗിക്കണമെന്നും ദിവസങ്ങളോളം ചർച്ച

ചെയ്യുന്ന പെന്റഗൺ വിദഗ്ധർക്ക് അഫ്ഗാന്റെ ഈ സാമാന്യ ചരിത്രം പോലും അറിയില്ല.

പുതിയ കമാന്ററായി മക്ക്രിസ്റ്റലും അസിസ്റ്റന്റായി റോഡ്റിഗസും ചുമതലയേറ്റയുടൻ അമേരിക്കയിലെ സർക്കാർ സേവാ പത്രങ്ങളായ *ന്യൂയോർക്ക് ടൈംസും ബോസ്റ്റൺ ഗ്ലോബും* മറ്റും എഡിറ്റോറിയലെഴുതി, യുദ്ധത്തിൽ പുതുതായി സ്വീകരിക്കേണ്ട നയങ്ങളെപ്പറ്റി. ഇതു സ്വാഭാവികമാണ്. അമേരിക്കൻ ഗവൺമെന്റിനെ സൈനികരെക്കാൾ യുദ്ധത്തിൽ സഹായിക്കുന്നത് അവിടുത്തെ ദേശീയ പത്രങ്ങളാണ്. അർധസത്യങ്ങളും പച്ചനുണകളും കെട്ടിച്ചമക്കുകയാണ് ഇതിനുവേണ്ടി അവർ ചെയ്തുവരുന്ന പ്രധാനപണി. യുദ്ധം തുടങ്ങാനും മുന്നോട്ടുകൊണ്ടുപോവാനും സഹായിക്കുന്ന അവർ അടിയന്തര സന്ദർഭങ്ങളിൽ ഉപദേശിക്കുന്നതിലും അനൗചിത്യമില്ല. ബോംബാക്രമണങ്ങളിൽ സാധാരണക്കാർ കൊല്ലപ്പെടുന്നത് തുടർന്നാൽ താലിബാനുള്ള ജനപിന്തുണ വർധിക്കുമെന്നും ഇക്കാര്യം അഫ്ഗാൻ പ്രസിഡന്റ് ഹാമിദ് കർസായി തന്നെ ചൂണ്ടിക്കാട്ടിയതാണെന്നും പുതിയ സൈനികനേതൃത്വം ഇതു ശ്രദ്ധിക്കണമെന്നും *ബോസ്റ്റൺ ഗ്ലോബ്* (13 മെയ് 2009) ഉപദേശിക്കുന്നു. അഫ്ഗാൻ പൗരന്മാർക്ക് സുരക്ഷിതമായി ദൈനംദിന കാര്യങ്ങൾ ചെയ്യാനുള്ള സൗകര്യം ഉണ്ടാക്കുകയെന്നത് മുഖ്യലക്ഷ്യമായി അമേരിക്കൻ സേന പരിഗണിക്കണമെന്നാണ് *ന്യൂയോർക്ക് ടൈംസ്* എഴുതിയ മുഖപ്രസംഗത്തിലുള്ളത് (8 ജൂൺ 2009). ഈ പത്രങ്ങളുടെ ചരിത്രമറിയാത്തവർ ഇവരുടെ അഫ്ഗാൻ ജനതയോടുള്ള സഹാനുഭൂതി കണ്ട് ആശ്ചര്യപ്പെട്ടേക്കും. താലിബാൻകാരെ പരാജയപ്പെടുത്താൻ ഈ സഹാനുഭൂതിയല്ലാതെ മറ്റുവഴികളില്ല എന്ന് വന്നതുകൊണ്ടു മാത്രാണ് ഇവർ അഫ്ഗാൻ പ്രേമികളായത്. കൃമികീടങ്ങൾക്ക് കൽപിക്കുന്ന വിലപോലും മൂന്നാംലോകത്തെ മനുഷ്യർക്ക് കണക്കാക്കാത്ത പത്രപാരമ്പര്യമാണ് അമേരിക്കയിലെ മുഖ്യധാരാ മാധ്യമങ്ങൾക്കുള്ളതെന്ന് അവരുടെ റിപ്പോർട്ടിംഗ് ശ്രദ്ധിച്ചിട്ടുള്ളവർക്കറിയാം (ഇതൊന്നും ശ്രദ്ധിക്കാതെ അമേരിക്കൻ പത്രങ്ങൾ വായിച്ച് ഇന്ത്യയിലേക്ക് റിപ്പോർട്ടുകളയക്കുന്നവർക്ക് ഇതു മനസ്സിലാകണമെന്നില്ല). ഈ സിവിലിയൻ സ്നേഹം പോലും അമേരിക്കയുടെ സൈനികാധിനിവേശം വിജയിപ്പിക്കുന്നതിനുവേണ്ടി മാത്രമാണ്. അതിനപ്പുറം വിശാലമായ മനുഷ്യസ്നേഹത്തിലോ മൂല്യങ്ങളിലോ അമേരിക്കൻ നേതാക്കൾ ഒരു കാലത്തും വിശ്വസിച്ചിരുന്നില്ല.

സാധാരണക്കാരെ കൂട്ടക്കൊല നടത്താതെ പോരാളികളെ നേരിടാനുള്ള യാതൊരു വിദ്യയും പെന്റഗൺ ഇതുവരെയും കണ്ടെത്തിയിട്ടില്ലെന്ന കാര്യം ഈ പത്രങ്ങളുടെ പത്രാധിപന്മാർക്ക് അറിയണമെന്നില്ല. ഒളിപ്പോർ യുദ്ധം നേരിടേണ്ടി വന്ന സന്ദർഭങ്ങളിലെല്ലാം ഏതുരാജ്യത്തായാലും അമേരിക്കൻ സേന വൻതോതിൽ സാധാരണക്കാരെ കൂട്ടക്കൊല ചെയ്തിട്ടുണ്ട്. പെന്റഗൺ യുദ്ധവിദഗ്ധർക്ക് സാധാരണക്കാരെ കൂട്ടക്കുരുതി നടത്താതെ ഒളിപ്പോരാളികളെ വകവരുത്താൻ അറിയാമായിരുന്നെങ്കിൽ ഏതെങ്കിലും ഒരു യുദ്ധത്തിലെങ്കിലും അവരത് പ്രയോജനപ്പെടുത്തുമായിരുന്നല്ലോ. അതിനാൽ പെന്റഗൺ യുദ്ധപ്രഭുക്കൾക്ക് നിശ്ചയമില്ലാത്ത വല്ല തന്ത്രങ്ങളും അറിയാമെങ്കിൽ എത്രയും വേഗം അതവരെ ബോധ്യപ്പെടുത്താനാണ് *ന്യൂയോർക്ക് ടൈംസി*ന്റേയും മറ്റും പത്രാധിപന്മാർ ശ്രമിക്കേണ്ടത്. അഫ്ഗാനിൽ അങ്ങനെ ചെയ്യണം ഇങ്ങനെ ചെയ്യണം എന്നൊക്കെ ന്യൂയോർക്കിലും ബോസ്റ്റണിലും ഇരുന്ന് എഴുതാൻ അത്ര ബുദ്ധിമുട്ടില്ലെന്ന് എല്ലാ വായനക്കാർക്കും അറിയാമെന്നെങ്കിലും അവരോർക്കുന്നത് നന്ന്.

കൂടുതൽ സൈനികരെയും സാമഗ്രികളും അഫ്ഗാനിലേക്കയച്ച് യുദ്ധം രൂക്ഷമാക്കാനാണ് പ്രസിഡന്റ് ഒബാമയുടെ നീക്കമെങ്കിൽ അമേരിക്കയിലെ ഏറ്റവും ഹീനന്മാരായ പ്രസിഡന്റുമാരിൽ ഒരാളായി ചരിത്രം അദ്ദേഹത്തെ മുദ്രകുത്തും. സെപ്റ്റംബർ ആക്രമണത്തിന്റെ സ്മരണ പുതുക്കുന്ന ഈ വർഷത്തെ പ്രസംഗത്തിൽ "അമേരിക്കയെ സംരക്ഷിക്കാൻ ഏതറ്റംവരെയും പോവുമെന്ന്" ഒബാമ പ്രഖ്യാപിക്കുകയുണ്ടായി. ഏതറ്റംവരെ പോയാലും സംരക്ഷിക്കാനാവാത്ത വിധം രൂക്ഷമായ പ്രതിസന്ധികളിലാണ് അമേരിക്ക എത്തിനിൽക്കുന്നതെന്ന കാര്യം ഒബാമക്ക് ഇപ്പോഴും മനസ്സിലായിട്ടില്ലെങ്കിലും ഒട്ടേറെ അമേരിക്കക്കാർക്ക് മനസ്സിലായിട്ടുണ്ട്. ■